പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1740 — 14.12.2012- ൽ മറുപടിയ്ക്ക്

## ക്ഷേമ പെൻഷനുകൾക്കുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. കെ.ടി. ജലീൽ** | **ഡോ. എം.കെ. മുനീർ**<br>**( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ക്ഷേമ പെൻഷനുകളായ വിധവ - വികലാംഗ - വാർദ്ധക്യ പെൻഷനുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | (i) <u>വിധവാപെൻഷൻ</u><br>വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർ വിവാഹം ചെയ്തിട്ടില്ലാത്തവർക്കും വിധവാ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്.<br>(ii) <u>വികലാംഗ പെൻഷൻ</u><br>വികലാംഗ പെൻഷൻ പദ്ധതിയിൽ മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, 40 % അംഗവൈകല്യമുള്ള മറ്റു വികലാംഗർ, അന്ധർ എന്നിവർക്കാണ് ആനുകൂല്യം ലഭിക്കുക. ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് |

| | | | |
|---|---|---|---|
| | | | 20,000/- രൂപയായും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്.<br>(iii) <u>വാർദ്ധക്യകാല പെൻഷൻ</u><br>65 വയസ്സിനു മുകളിൽ പ്രായമുള്ള ബി.പി.എൽ. കുടുംബാഗങ്ങളായ എല്ലാപേർക്കും വാർദ്ധക്യ പെൻഷന് അർഹതയുണ്ട്. |
| (ബി)<br><br>(സി)<br><br>(ഡി) | ഇത്തരം പെൻഷനുകൾ ലഭിക്കുന്നതിന് ബി.പി.എൽ. പട്ടികയിൽ പേര് ഉണ്ടായിരിക്കണമെന്നുള്ള നിബന്ധന ഉണ്ടോ ;<br><br>ബി.പി.എൽ പട്ടികയിൽ പേരില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായവർക്ക് ഇത്തരം പെൻഷനുകൾ നൽകാൻ സംവിധാനം ഉണ്ടോ ;<br><br>എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (ബി) യും<br>(സി) യും<br>(ഡി) യും | വാർദ്ധക്യ കാല പെൻഷൻ ഒഴികെ മറ്റു ക്ഷേമ പെൻഷനുകൾക്ക് ബി.പി.എൽ. കുടുംബാംഗമായിരിക്കണമെന്ന നിബന്ധന ഇല്ല. മറിച്ച് അവർക്ക് വരുമാന പരിധി (ഗ്രാമ പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും യഥാക്രമം 20,000/- രൂപയും 22375/- രൂപയും) യാണ് അടിസ്ഥാനം . |

സെക്ഷൻ ഓഫീസർ